REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 28-04-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു പത്മ പുരസ്കാരങ്ങൾ വൈകിട്ട് ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഇടുക്കി ജില്ലാതല അവലോകന യോഗം ഇന്ന്.**
- **വയനാട് ചുരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കാൻ 38 കോടി രൂപയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായി മന്ത്രി P.A. മുഹമ്മദ് റിയാസ്.**
- **ഫ്രാൻസിസ് മാർപ്പാപ്പയുടെ പിൻഗാമിയെ തെരഞ്ഞെടുക്കുന്ന കോൺക്ലേവിന് മുന്നോടിയായി കർദിനാൾമാരുടെ യോഗം ഉച്ചയ്ക്ക് വത്തിക്കാനിൽ.**
- **IPL ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂരിനും, മുംബൈ ഇന്ത്യൻസിനും ജയം.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ പരമോന്നത സിവിലിയൻ അവാർഡുകളിലൊന്നായ പത്മ പുരസ്കാരങ്ങൾ സമ്മാനിക്കും. വൈകീട്ട് രാഷ്ട്രപതി ഭവനിൽ സംഘടിപ്പിക്കുന്ന ചടങ്ങിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്യുക.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ അവാർഡുകൾ ഉൾപ്പെടെ 139 പത്മ അവാർഡുകളാണ് നൽകുന്നത്.

മലയാളത്തിന്റെ പ്രിയപ്പെട്ട MT-യ്ക്ക് മരണാനന്തര ബഹുമതിയായി രാഷ്ട്രപതി ഇന്ന് പത്മ വിഭൂഷൺ നൽകും. എം ടിയുടെ മകൾ അശ്വതി V നായരാണ് അവാർഡ് ഏറ്റുവാങ്ങുക. MT വിട വാങ്ങി ഒരു മാസം തികയുന്നതിനിടയിലായിരുന്നു പുരസ്കാര വാർത്ത എത്തിയത്.

കല, സാമൂഹിക പ്രവർത്തനം, പൊതുകാര്യങ്ങൾ, ശാസ്ത്രം, എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം, വൈദ്യം, സാഹിത്യം, വിദ്യാഭ്യാസം, കായികം, സിവിൽ സർവീസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ.

നടിയും നർത്തകിയുമായ  ശോഭന, മുൻ ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ PR. ശ്രീജേഷ്, ഹൃദ്രോഗ വിദഗ്ധൻ ഡോ.ജോസ് ചാക്കോ പെരിയപുറം, നടൻ S. അജിത് കുമാർ, തുടങ്ങിയവർക്ക് പത്മഭൂഷണും മുൻ ഇന്ത്യൻ ഫുട്ബോൾ താരം IM വിജയൻ, സംഗീതജ്ഞ കെ ഓമനക്കുട്ടി, ക്രിക്കറ്റ് താരം ആർ അശ്വിൻ എന്നിവർക്ക് പത്മശ്രീയും നൽകും.

വയലിനിസ്റ്റും സംഗീതസംവിധായകനുമായ ഡോ.L. സുബ്രഹ്മണ്യം, ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് D.നാഗേശ്വർ റെഡ്ഡി എന്നിവരാണ് പത്മഭൂഷൺ അവാർഡ് ജേതാക്കൾ. അവാർഡ് ജേതാക്കളിൽ പ്രമുഖ എഡിറ്ററും മുൻ പ്രസാർ ഭാരതി ചെയർമാനുമായ A.സൂര്യ പ്രകാശ്, സിനിമാ നടന്മാരായ അനന്ത് നാഗ്, നന്ദമുരി ബാലകൃഷ്ണ, എന്നിവരും ഉൾപ്പെടുന്നു.

✪✪✪

പാകിസ്ഥാൻ പൗരൻമാർക്ക് ഇന്ത്യ വിടാൻ അനുവദിച്ച സമയപരിധി ഇന്നലെ അവസാനിച്ചു. മെഡിക്കൽ വിസ അല്ലാത്ത എല്ലാ വിസയുടേയും കാലാവധി അവസാനിച്ചു. മെഡിക്കൽ വിസയുടെ സമയപരിധി നാളെ അവസാനിക്കും. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് ഗവണ്മെന്റ് വിസ നിയന്ത്രണം ഏർപ്പെടുത്തിയത്.

ഇതുവരെ 537 പാകിസ്ഥാൻ പൗരന്മാർ അമൃതസറിലെ അട്ടാരി-വാഗ ജോയിന്റ് ചെക്ക് പോസ്റ്റ് വഴി തിരികെപോയി. ഇന്നലെ മാത്രം 237 പേരാണ് തിരികെപോയത്.

പാകിസ്ഥാനിലെ ഇന്ത്യൻ പൗരന്മാർ എത്രയും വേഗം ഇന്ത്യയിൽ തിരിച്ചെത്തണമെന്നും നിർദേശമുണ്ട്. 1,387 പേർ ഇതിനകം രാജ്യത്ത് തിരിച്ചെത്തി.

✪✪✪

ആരോഗ്യവാൻമാരായ പൗരന്മാരെ വളർത്തിയാൽ മാത്രമേ 25 വർഷത്തിനകം രാജ്യത്തിന് 30 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം പൂർത്തീകരിക്കാനാവൂ എന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ ലോകാരോഗ്യ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

പൗരന്മാരുടെ ആരോഗ്യവും സമഗ്ര വികസനവും ലക്ഷ്യമിട്ടാണ് ഗവൺമെന്റ് ഓരോ സംരംഭങ്ങളും പദ്ധതികളും നടപ്പാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. താങ്ങാനാകുന്ന താമസസൗകര്യം, കുടിവെള്ളം, പാചക വാതക കണക്ഷൻ, വിദ്യാഭ്യാസം എന്നിവയെല്ലാം രാജ്യത്തെ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയതായും പീയുഷ് ഗോയൽ പറഞ്ഞു. സമഗ്ര വികസനത്തിലൂന്നിയ മാനവികതയാണ് കേന്ദ്ര ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

മധ്യപ്രദേശിലെ മന്ദ്സൗറിൽ വാഹനാപകടത്തിൽ പത്ത് പേർ മരിച്ചു. നാല് പേർക്ക് പരിക്കേറ്റു. അമിത വേഗത്തിലെത്തിയ കാർ മോട്ടോർ സൈക്കിളിൽ ഇടിച്ച് സമീപത്തെ കിണറ്റിലേക്ക് മറിയുകയായിരുന്നു.

അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. പരിക്കേറ്റവർ ഉടൻ സുഖം പ്രാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം നൽകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ജില്ലാതല അവലോകന യോഗം ഇന്ന് രാവിലെ 10 മുതൽ 12.30 വരെ ഇടുക്കി നെടുങ്കണ്ടത്ത് ചേരും.

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്തെ വേദിയിലാണ് യോഗം. ജില്ലയിലെ വിവിധ മേഖലകളിലെ പ്രത്യേക ക്ഷണിതാക്കളായ 500 പേരുമായി മുഖ്യമന്ത്രി സംവദിക്കും.

നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇടുക്കി ജില്ലയിലെ എന്റെ കേരളം പ്രദർശന വിപണന മേള നാളെ ആരംഭിക്കും. മെയ് 5 വരെ വാഴത്തോപ്പ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മൈതാനിയിലാണ് മേള.

✪✪✪

വയനാട് ചുരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനു ആറ്, എട്ട് വളവുകളിലെ വീതി വർധിപ്പിക്കാൻ 38 കോടി രൂപയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായി മന്ത്രി P.A.മുഹമ്മദ് റിയാസ് പറഞ്ഞു. ലക്കിടി - അടിവാരം റോപ്പ് വേയ്ക്ക് സംസ്ഥാന ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടെന്നും P.P.P മോഡലിൽ തയ്യാറാവുന്ന പദ്ധതി ടൂറിസം-പശ്ചാത്തല വികസന മേഖലയിൽ വലിയ നേട്ടമുണ്ടാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

നവീകരിച്ച ഈങ്ങാപ്പുഴ - കാക്കവയൽ റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ മലയോര മേഖലകളെയും കക്കാട് ഇക്കോ ടൂറിസത്തെയും വനപർവ്വം ബയോഡൈവേഴ്സിറ്റി പാർക്കിനെയും നാഷണൽ ഹൈവേ 766 ഉമായി ബന്ധിപ്പിക്കുന്ന ഈങ്ങാപ്പുഴ കാക്കവയൽ റോഡ് രണ്ട് ഘട്ടങ്ങളിലായി നാലു കോടി രൂപ മുടക്കിയാണ് നിർമിച്ചത്.

✪✪✪

വിദ്യാർത്ഥികളിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് രാജ്യത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്തിയാൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ അഭിപ്രായപെട്ടു. സമഗ്ര ശിക്ഷാ കേരളം സംഘടിപ്പിച്ച പന്തലായനി ബ്ലോക്ക്തല പഠനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാപ്പാട് ബ്ലു ഫ്ളാഗ് ബീച്ച് മുതൽ തുവ്വപ്പാറ വരെ ആയിരത്തോളം പേർ അണിനിരന്ന ലഹരിവിരുദ്ധ സന്ദേശറാലിയും, ഭിന്നശേഷി - പ്രീ പ്രൈമറി വിദ്യാർഥികളുടെ കലാപരിപാടികളും പഠനോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

✪✪✪

CPIM കേന്ദ്രകമ്മിറ്റി അംഗം PK ശ്രീമതിയെ പാർട്ടി കമ്മിറ്റികളിൽ പങ്കെടുക്കുന്നതിന് വിലക്കിയിട്ടില്ലെന്ന് പാർട്ടി ജനറൽ സെക്രട്ടറി MA ബേബി വ്യക്തമാക്കി. ശ്രീമതി സെക്രട്ടറിയേറ്റ് യോഗത്തിലും സംസ്ഥാന കമ്മിറ്റി യോഗത്തിലും പങ്കെടുത്തെന്നും ബേബി തിരുവനന്തപുരത്ത് പറഞ്ഞു. സംഘടനാപരമായി തീരുമാനിക്കുന്ന ഘടകങ്ങളിലും പരിപാടികളിലും അവർ പങ്കെടുക്കുമെന്നും ബേബി അറിയിച്ചു.

✪✪✪

വികസന വാഗ്ദാനങ്ങൾ നൽകി കോൺഗ്രസ്സും ഇടതു പാർട്ടികളും കാലങ്ങളായി ജനങ്ങളെ പറ്റിക്കുകയാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കോഴിക്കോട് സിറ്റി ജില്ല വികസിത കേരളം

കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ച ഏക രാഷ്ട്രീയ പാർട്ടി BJP മാത്രമാണെന്നും മോദി ഗവൺമെന്റ് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

വ്യാവസായിക കേന്ദ്രമായിരുന്ന കോഴിക്കോടിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണെന്ന് മുഖ്യപ്രഭാഷണത്തിൽ BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. കേരളത്തിലെ എല്ലാ ജില്ലകളിലും വികസനരംഗത്ത് സമാന അവസ്ഥ തന്നെയാണെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി.

✪✪✪

അടുത്ത മാസം ഒന്നിന് മുംബൈയിൽ ആരംഭിക്കുന്ന ലോകത്തെ ഏറ്റവും വലിയ ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025 നോട് അനുബന്ധിച്ച് നടത്തുന്ന "ഇന്ത്യ: എ ബേർഡ്സ് ഐ വ്യൂ ചലഞ്ച്" മത്സരയിനത്തിലെ അഞ്ച് ഫൈനലിസ്റ്റുകളെ പ്രഖ്യാപിച്ചു. ഉച്ചകോടിയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന "ഇന്നോവേറ്റ് 2 എഡ്യൂക്കേറ്റ്: ഹാൻഡ് ഹെൽഡ് ഡിവൈസ് ഡിസൈൻ" ചലഞ്ചിന്റെ പത്ത് ഫൈനലിസ്റ്റുകളെയും ഇന്നലെ പ്രഖ്യാപിച്ചിരുന്നു.

✪✪✪

ഫ്രാൻസിസ് മാർപ്പാപ്പയുടെ പിൻഗാമിയെ തെരഞ്ഞെടുക്കുന്ന കോൺക്ലേവിന് മുന്നോടിയായി കർദിനാൾമാരുടെ യോഗം ഇന്ന് വത്തിക്കാനിൽ ചേരും. ഉച്ചക്ക് 12.30ക്കാണ് യോഗം. ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിന് ശേഷം കർദിനാൾമാരുടെ അഞ്ചാമത്തെ യോഗമാണിത്. കോൺക്ലേവ് തുടങ്ങുന്ന തിയതി സംബന്ധിച്ച് ഇന്ന് ചർച്ചയുണ്ടായേക്കും. കർദിനാൾമാർ ഇന്നലെ ഉച്ചതിരിഞ്ഞ് മേരി മേജർ ബസലിക്കയിൽ ഫ്രാൻസിസ് മാർപ്പാപ്പയുടെ കബറിടത്തിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്തു.

✪✪✪

IPL ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂരിനും മുംബൈ ഇന്ത്യൻസിനും ജയം. ഡൽഹിയിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂർ, ഡൽഹി കാപ്പിറ്റൽസിനെ ആറ് വിക്കറ്റിനും ലക്നൗവിൽ മുംബൈ ഇന്ത്യൻസ് ലക്നൗ സൂപ്പർ ജയന്റ്സിനെ 54 റൺസിനുമാണ് പരാജയപ്പെടുത്തിയത്.

ഇന്ന് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജയ്പൂരിലാണ് മത്സരം.

✪✪✪

ഡൽഹിയിൽ ഏഷ്യൻ യോഗാസന ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഇന്ത്യ. 83 സ്വർണ്ണവും മൂന്ന് വെള്ളിയും ഒരു വെങ്കലവുമുൾപ്പെടെ 87 മെഡലുകൾ ആണ് ഇന്ത്യ നേടിയത്.

✪✪✪

കണ്ണൂരിൽ മെയ് രണ്ടിന് ആരംഭിക്കുന്ന സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണ്ണമെന്റിന് മുന്നോടിയായി സംഘടിപ്പിച്ച പ്രദർശന മത്സരത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നയിച്ച ടീമിന് ജയം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.........വോയ്സ്.........

ലഹരിക്കെതിരെ ബോധവൽക്കരണ സന്ദേശവുമായി സംസ്ഥാന വർക്കിംഗ് ജേർണലിസ്റ്റ് യൂണിയന്റെ ബ്രേക്കിംഗ് ഡി ക്യാമ്പയിന്റെ ഭാഗമായാണ് മത്സരം സംഘടിപ്പിച്ചത്. 15 നെതിരെ 25 പോയിന്റു നേടിയാണ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ടീം വിജയിച്ചത്. മന്ത്രിയുടെ നേതൃത്വത്തിലുള്ള ടീമിൽ മേയർ മുസ്ലിഹ് മഠത്തിൽ, എം.വിജിൻ എം.എൽ.എ. , സി.പി.ഐ. എം. കേന്ദ്ര കമ്മറ്റി അംഗം ഇ.പി.ജയരാജൻ,മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൾ കരീം ചേലേരി, ബി.ജെ.പി.സംസ്ഥാന സെക്രട്ടറി കെ.രഞ്ചിത്ത്, സൗത്ത് ജില്ലാ പ്രസിഡന്റ് ബിജു ഏളക്കുഴി.സി.പി.ഐ. നേതാവ് സി.പി.ഷൈജൻ തുടങ്ങിയവർ മത്സരിച്ചു. ചേമ്പർ ഓഫ് കോമേഴ്സ് ടീമിനെയാണ് ഇവർ തോൽപിച്ചത്. മികച്ച സർവ്വീസിലൂടെ മിന്നുന്ന പ്രകടനമായിരുന്നു മന്ത്രി കടന്നപ്പള്ളി കാഴചവെച്ചത് . തുടർന്ന് നടന്ന സൗഹൃദ മത്സരങ്ങളിൽ എക്സൈസ് ,വനം, ജയിൽ വകുപ്പുകൾക്ക് പുറമെ ഡോക്ടർമാരുടെയും മാധ്യമപ്രവർത്തകരുടെയും വോളിബോൾ ഓഫീഷ്യൽസുമാരുടെയും ടിമൂകൾ മത്സരിക്കാനുണ്ടായിരുന്നു,

✪✪✪

കാസർഗോഡ് ജില്ലയിൽ രണ്ടാം LDF ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ പരിപാടികൾ സമാപിച്ചു. ഈ മാസം 21ന് ആരംഭിച്ച വാർഷികാഘോഷത്തിന്റെ സമാപനം മന്ത്രി A.K ശശീന്ദ്രൻ കാലിക്കടവ് പിലിക്കോട് ഉദ്ഘാടനം ചെയ്തു.

ഗവൺമെന്റിന്റെ ക്ഷേമപ്രവർത്തനങ്ങൾ നേരിട്ടു കാണാൻ ഒഴുകിയെത്തിയ ജനപ്രവാഹം ഗവൺമെന്റിന്റെ വരുംകാല പ്രവർത്തനങ്ങൾക്ക് കരുത്താകുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ലൈബ്രറി കൗൺസിൽ കണ്ണൂരിൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ അഖില കേരള വായനോത്സവം സമാപിച്ചു. സമാപന സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

വായന പൂർണമായും നിരാകരിക്കപ്പെട്ടിട്ടില്ലെങ്കിലും അത് കുറഞ്ഞു വന്നിട്ടുണ്ടെന്നും, അക്ഷരങ്ങളിലേക്കും വായനയിലേക്കും നാം തിരിച്ചു പോകണമെന്നും മന്ത്രി പറഞ്ഞു.

മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ആലപ്പുഴയിലെ അഭിനവ് കൃഷ്ണയും, 16 നും 25നും പ്രായക്കാർക്കിടയിലെ വിഭാഗത്തിൽ ആലപ്പുഴയിലെ G പ്രിയങ്കയും, മുതിർന്നവരുടെ വിഭാഗത്തിൽ മലപ്പുറം സ്വദേശിനി ഡോ. V.ആർദ്രയും ഒന്നാം സ്ഥാനം നേടി.

✪✪✪

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന കോഴിക്കോട് നോർത്ത് ജില്ല വികസിത കേരളം കൺവെൻഷനും ജില്ലാ നേതൃയോഗവും ഇന്ന് നടക്കും. രാവിലെ വടകര കൃഷ്ണകൃപ ഓഡിറ്റോറിയത്തിലാണ് കൺവെൻഷൻ. കോഴിക്കോട് റൂറൽ ജില്ലാ വികസിത കേരളം കൺവെൻഷനും സെമിനാറും വൈകിട്ട് ബാലുശ്ശേരി ഗോകുലം കൺവെൻഷൻ സെന്ററിലും ചേരും.

✪✪✪

സംസ്ഥാന വിവരാവകാശ കമ്മിഷൻ തൃശൂർ ജില്ലയിൽ രാവിലെ ക്യാമ്പ് സിറ്റിംഗ് നടത്തും. ചാലക്കുടി പൊതുമരാമത്ത് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ കമ്മിഷണർ ഡോ.A.അബ്ദുൽ ഹക്കീമിന്റെ നേതൃത്വത്തിലെ സംഘമാണ് സിറ്റിംഗ് നടത്തുക.

ഡിസംബർ 27ന് തൃശൂർ കലക്ടറേറ്റിൽ ഹിയറിംഗ് നടത്താതെ മാറ്റിയ കേസുകളാണ് പരിഗണിക്കുക.

✪✪✪

അട്ടപ്പാടിയിൽ ആനയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വയോധികൻ മരിച്ചു. സ്വർണ്ണഗദ്ദ ഉന്നതിയിലെ കാളിയാണ് പാലക്കാട് ജില്ലാ ആശുപത്രിയിൽ മരിച്ചത്. വനത്തിൽ വിറക് ശേഖരിക്കുന്നതിനിടയിലാണ് ആനയുടെ ആക്രമണം ഉണ്ടായത്.

✪✪✪

ചേവായൂർ പാലക്കോട്ട് വയലിൽ യുവാക്കൾ ചേരി തിരിഞ്ഞുണ്ടായ സംഘർഷത്തിൽ യുവാവ് മരിച്ച കേസിൽ പത്ത് പേർ പിടിയിലായി. പ്രായപൂർത്തിയാകാത്ത ഒരാളെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കി. ഗുരുതരമായി പരിക്കേറ്റ സൂരജ് ആണ് മരിച്ചത്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: രജ്ന കെ*
*DEO: സി കെ സുബോധ്*